PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

FOURTH SESSION 1951

Friday, *the 28th September, 1951*

Vol. IV.	**OFFICIAL REPORT**	**No. 10.**

The Assembly met in the Legislative Chamber, Trivandrum, at Eleven of the Clock on Friday, the 28th September, 1951, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the serial number in the list of admitted questions for the day).

ORAL ANSWERS

ലൈബ്രറി ഓർഗ്ഗനൈസേഷൻ സംഘടന

*നം ൦൪. (൧) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

തിരുവിതാംകൂർ–കൊച്ചി ലൈബ്രറി ഓർഗ്ഗനൈസേഷൻ ഒരു രജിസ്റ്റേർഡ് സംഘടനയാണോ?

വിദ്യാഭ്യാസവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി):
ആണു്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ഈ സംഘടനയും ഗവമ്മെൻറും തമ്മിൽ ഏതോ ചില ബന്ധമുണ്ടെന്നുള്ള സംഗതി അറിയാമോ?

ശ്രീ. എൽ. എം. പൈലി: ഈ സംഘടനയും ഗവമ്മെൻറുമായുള്ള ബന്ധം അതിനു ഗവമ്മെൻറിൽനിന്നും ഗ്രാൻറു കൊടുക്കുന്നു എന്നുള്ളതുമാത്രമാണു്. അതിനു ബഡ്ജററിൽ പ്രൊവിഷനുമുണ്ടു്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ഈ സംഘടന ഏതാനും ചില പ്രത്യേക വ്യക്തികളുടെ പ്രത്യേക ആവശ്യത്തിനായിട്ടാണെന്നറിയാമോ?

ശ്രീ. എൽ. എം. പൈലി: അങ്ങിനെ ഒന്നും ഗവമ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

വായനശാല

*നം ൦൫. (൨) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

സാധാരണ ജനങ്ങൾക്കു് ഏററവും ഉപകാരപ്രദമായ വായനശാലാ പ്രസ്ഥാനം കാലോചിതമായ വിധം പരിഷ്കരിക്കുന്നതിനു ഗവമ്മെൻറു് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു്?

വിദ്യാഭ്യാസവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി):
വായനശാലാ പ്രസ്ഥാനത്തിന് കാലോചിതമായ പരിഷ്കാരം നടപ്പിലാക്കാൻവേണ്ടി തിരുവിതാംകൂർ-കൊച്ചി ഗ്രന്ഥശാലാസംഘം പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ആ സംഘത്തിന് ഗവൺമെണ്ടിൽനിന്നും വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കുന്നുണ്ട്.

ശ്രീ. പി. കെ. കുഞ്ഞൻശാസ്ത്രി: ഈ വായനശാലയുടെ നിയന്ത്രണം സംബന്ധിച്ചും മററും ഒരു നിയമമുണ്ടാക്കുവാൻ ഗവർമെൻറാലോചിക്കുന്നുണ്ടോ?

ശ്രീ. എൽ. എം. പൈലി: ആലോചനയില്ല.

ശ്രീ. കെ. രാമകൃഷ്ണപിള്ള: ഈ ഗ്രന്ഥശാലാസംഘത്തിൽനിന്നു തന്നെ ഒരു പദ്ധതി ഗവമ്മെൻറിൻെറ മുമ്പിൽ സമർപ്പിച്ചിട്ടുണ്ടോ?

ശ്രീ. എൽ. എം. പൈലി: അങ്ങിനെ ഒരു പദ്ധതി ഗവമ്മെൻറിനു കിട്ടിയിട്ടുണ്ട്. അതു് ആലോചനയിൽ ഇരിക്കുകയാണ്.

ശ്രീ. ടി. വി. ദേവൻ: ഈ ഗ്രന്ഥശാലാസംഘം സമർപ്പിച്ചിരിക്കുന്ന പദ്ധതിയിൽ പിന്നോക്കസമുദായത്തിൽനിന്നും നടത്തിവരുന്ന ഗ്രന്ഥശാലകളുടെ പരിഷ്കരണത്തിനായി വല്ല പദ്ധതികളുമുൾപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. എൽ. എം. പൈലി: സമർപ്പിക്കപ്പെട്ട പദ്ധതിയിൽ അതുൾപ്പെടുത്തിയിട്ടുണ്ടോ എന്നുള്ളതിനെ സംബന്ധിച്ചു പറയുന്നതിനു നോട്ടീസ് വേണം.

Sri. A. P. Udayabhanu: Is not the Library Association allowed to supervise these libraries also?

Sri.L.M Pylee. Yes.

ലൈബ്രറികൾ

*൩൦൩. (൩) ശ്രീ. പി. കെ. കുഞ്ഞൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(൧) തിരുവിതാംകൂർ-കൊച്ചിയിൽ ഗ്രാൻറുകൊടുക്കുന്ന ലൈബ്രറികൾ എത്ര എണ്ണം;

(൨) റൂറൽ ലൈബ്രറികൾ എത്ര;

(൩) റൂറൽ ലൈബ്രറികൾക്കുവേണ്ടി മാത്രം ൧൧൨൫–൨൬-ൽ ആകെ എന്തു ചിലവു വന്നിട്ടുണ്ടെന്നു പറയുമോ;

(൪) പിന്നോക്കസമുദായസംരക്ഷക ഡിപ്പാർട്ടുമെൻറു മുഖേന നടത്തിവരുന്ന എത്ര ലൈബ്രറികൾ, ലൈബ്രറി ഓർഗനൈസേഷൻെറ അധീനതയിൽ എടുത്തിട്ടുണ്ടെന്നു പറയുമോ;

(൫) പ്രസ്തുത ലൈബ്രറികൾക്കു പിന്നോക്കസമുദായസംരക്ഷക ഡിപ്പാർട്ടുമെൻറിൽനിന്നും കൊടുത്തുവന്നതുപോലുള്ള ഗ്രാൻറ് യഥാസമയം കൊടുക്കുന്നതിന് എന്തു പരിപാടി സ്വീകരിച്ചിട്ടുണ്ടെന്നു പറയുമോ?

വിദ്യാഭ്യാസവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി):

(൧) ൨൯൧.

(൨) ഇപ്പോൾ ഒന്നുമില്ല.

(൩) ൧൩, ൭൩൩ രൂപാ.

(൪) ഒന്നും കൊടുത്തിട്ടില്ല.

(൫) നാലാംഭാഗത്തിൻെറ ഉത്തരത്തിൽനിന്നും ഇതിൻെറ ഉത്തരം ഉദിക്കുന്നില്ല.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: റൂറൽ ലൈബ്രറികൾ ഗ്രന്ഥശാലാ സംഘത്തിന്റെ നിയന്ത്രണത്തിൽ വിട്ടുകൊടുത്തിട്ടുണ്ടോ?

ശ്രീ. എൽ. എം. പൈലി: അതിപ്പോൾ ഗ്രന്ഥശാലാ സംഘത്തിന്റെ പരിധിയിൽ പെടുത്തിയിരിക്കുകയാണു്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: പിന്നോക്ക സമുദായങ്ങൾ നടത്തുന്ന ലൈബ്രറികൾ ഗ്രന്ഥശാലാസംഘത്തിന്റെ കീഴിൽ വിട്ടുകൊടുക്കാൻ ആലോചിക്കുന്നുണ്ടോ?

ശ്രീ. എൽ. എം. പൈലി: പിന്നോക്കസമുദായത്തിൽനിന്നും നടത്തുന്ന വായനശാലകൾ ലൈബ്രറി സംഘത്തോടു അഫിലിയേററു് ചെയ്തിട്ടുണ്ടു്.

ശ്രീ. കെ. രാമകൃഷ്ണപിള്ള: ഈ റൂറൽ ലൈബ്രറികളെ ഇപ്പോൾ ഗ്രന്ഥശാലാസംഘത്തെ ഏല്പിച്ചിരിക്കയാണോ?

ശ്രീ. എൽ. എം. പൈലി: അതെ.

ശ്രീ. പൗലോസ് പൈലി: ഈ ലൈബ്രറികൾക്കു് അനുവദിച്ചിട്ടുള്ളതിൽ ബാക്കിയുള്ള തുക എന്തിനായി ചിലവാക്കി എന്നു പറയാമോ?

ശ്രീ. എൽ. എം. പൈലി: റൂറൽ ലൈബ്രറികൾക്കു് അനുവദിച്ചിട്ടുള്ള തുകയിൽ ബാക്കി ഒന്നുമില്ല.

ശ്രീ. ടി. വി. ദേവൻ: പിന്നോക്കസമുദായത്തിൽനിന്നും നടത്തി വരുന്ന വായനശാലകൾക്കു് മേശ, കസേര, മുതലായവ കൊടുത്തിട്ടു് ഇപ്പോൾ ഒരു വർഷത്തിനു മേലായി. എന്നാൽ ഇതുവരെ പുസ്തകങ്ങൾ ഒന്നും വന്നു ചേർന്നിട്ടില്ല. അതെന്താണെന്നു പറയാമോ?

ശ്രീ. എൽ. എം. പൈലി: അതിനുവേണ്ട നടപടികൾ എടുത്തുവരികയാണു്.

PERUR INCIDENT

***307. (4) Sri. D. Gnanasigamoni:** Will the hon. the Chief Minister be pleased to State,—

(*a*) whether the enquiry relating to the Perur incident is completed; and

(*b*) if so, whether any report has been submitted respecting the same?

Minister for Industries and Labour **(Sri. P. K. Krishnankutty Menon):**

(*a*) Yes. Police investigation has been completed and the cases have been charge-sheeted.

(*b*) Yes.

Sri. D. Gnanasigamoni: May I know the date on which the cases were charge-sheeted?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടി മേനോൻ: ഫൻ ഇഫ ബ്രുൺ ഉന്നു-ാം തീയതി ചാർജ്ജ് ഷീററു കൊടുത്തു.

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: ആ കേസു വിസ്തരിക്കാൻ തുടങ്ങിയോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടി മേനോൻ: തുടങ്ങിയിട്ടില്ല.

Chief Minister **(Sri. C. Kesavan):** Sir, I may be permitted to answer that question?

Mr. Speaker: Yes.

Sri. C. Kesavan: An Investigation Special Officer was appointed. He took leave on the ground that he is suffering from a serious attack of tonsilitis. He may not be available now. We will have to appoint another man.

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: മജിസ്ട്രേട്ട് ജോലി തുടങ്ങത്തക്കവിധം അവിടെ സ്റ്റാഫിനെ നിയമിച്ചിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: സ്റ്റാഫിനേയും മററും നിയമിക്കാൻ കുറെ താമസമുണ്ടായിട്ടുണ്ട്.

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: അങ്ങിനെ ആവശ്യമുള്ള സ്ഥലവും സ്റ്റാഫും ഇല്ലാത്തതുകൊണ്ടാണ് ഈ കേസിന്റെ വിസ്താരം തുടങ്ങാത്തതെന്നൊരു ധാരണ ജനങ്ങളുടെയിടയിൽ പരന്നിട്ടുള്ളതായറിയാമോ?

ശ്രീ. സി. കേശവൻ: അങ്ങിനെ ഒരു ധാരണ പരന്നിട്ടുള്ളതായറിയാം.

ശ്രീ. കെ. എ. മാത്യു: ഈ കേസു നടന്നിട്ട് എത്ര നാളായി?

ശ്രീ. സി. കേശവൻ: കഴിഞ്ഞ ബഡ്ജററ് സെഷൻ കാലത്താണ്.

മരാമത്തു വേലകൾ

*൩൦൪ (൫) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) ൧൯൫൦-ലെ ബഡ്ജററിൽ കൊള്ളിച്ചിട്ട് പണി നടക്കാതിരുന്നതും വീണ്ടും ൧൯൫൧-ലെ ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ളതുമായ മരാമത്തു വേലകളിൽ എന്തെല്ലാം പണികൾ ൧൯൫൧-ൽ തീർന്നിട്ടുണ്ട്;

(ബി) ആലപ്പുഴ—അരൂർ റോഡ് ൧൦-ാം മൈൽ ൭-ാം ഫർലാങ്ങിൽനിന്ന് കിഴക്കോട്ട് ൪-൫ കൊല്ലത്തിനു മുൻപ് വെട്ടിച്ച റോഡിൽ എതാനും കലുങ്കുകളും മററും തീർക്കുന്നതിന് ആർക്കെങ്കിലും കൺട്രാക്ട് കൊടുത്തിട്ടുണ്ടോ, ഉണ്ടെങ്കിൽ അതിന്റെ പണി എത്ര നാളിനകം തീരുമെന്നു പറയുവാൻ ദയവുണ്ടാകുമോ;

(സി) ചേർത്തല നിന്നും ചെങ്ങണ്ട—കാളികുളം റോഡിലേക്കു വെട്ടിയിട്ടുള്ള റോഡ് വാഹനങ്ങൾ പോകത്തക്കവിധം ഗതാഗതയോഗ്യമായിട്ടുണ്ടോ; ഗതാഗതയോഗ്യമാക്കുന്നതിനു വല്ല പാലത്തിന്റെയും ആവശ്യമുണ്ടോ അതോ കലുങ്കുകൾ മതിയാകുമോ?

പൊതുമരാമത്തുവകുപ്പു മന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള):

(എ) വിവരങ്ങൾ ശേഖരിച്ചു വരുന്നതേയുള്ളു.

(ബി) കൺട്രാക്ട് കൊടുത്തിട്ടുണ്ട്. മിക്കവാറും ഈക്കൊല്ലത്തിൽ തന്നെ തീരുമെന്നു പ്രതീക്ഷിക്കുന്നു.

(സി) പാലത്തിന്റെ ആവശ്യമില്ല. രണ്ടു വലിയ കലുങ്കുകൾ മതിയാകും.

ശ്രീ. കൃഷ്ണൻ അയ്യപ്പൻ: ആ റോഡുകൾ, പാലങ്ങളും കലുങ്കുകളും ഉണ്ടാക്കി വാഹനങ്ങൾക്ക് ഗതാഗത സൗകര്യമുണ്ടാക്കാത്തതുകൊണ്ട് ജനങ്ങൾ വളരെ വിഷമിക്കുന്നുണ്ടെന്നറിയാമോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: കുറെ വിഷമമുണ്ടെന്നറിയാം.

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: എന്നത്തേയ്ക്കു ഈ വിവരങ്ങൾ ശേഖരിച്ചു വരുമെന്നു പറയാമോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: കഴിയുന്നതും വേഗത്തിൽ—ഈ അസംബ്ലി തീരുന്നതിനു മുമ്പ് വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ മേശപ്പുറത്തു വയ്ക്കാം.

ശ്രീ. കൃഷ്ണൻ അയ്യപ്പൻ: ഒററ വ്യവസ്ഥപ്പെടുത്തി കൺട്രാക്ട് കൊടുക്കാത്തതുകൊണ്ടാണ് അവിടെ പണി തുടങ്ങാത്തതെന്നറിയാമോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: അങ്ങിനെയാണെങ്കിൽ അതേപ്പററി അന്വേഷിക്കാം.

MANURE DEPOTS

*309. (6) **Sri. Joseph Mathen**: Will the hon. Minister for Food be pleased to state.—

(a) whether the resolutions of the Division Food Production Committees to open manure depots in certain taluks have been accepted by the Government ;

(b) if so, please state the names of the taluks in which manure depots are opened in 1951 ;

(c) please also state the reason why a manure depot is not opened in Shertallay taluk in spite of the resolution?

Minister for Finance and Food **(Sri. K. M. Korah)**:

(a) Government have already ordered that mauure depots may be allowed to be apened according to the needs of the locality.

(b) During 1951, manure depots were opend in the following taluks:

Trivandrum	Changanacherry
Nedumangad	Peermade
Kottarakara	Kunnathunad
Pathanapuram	Muvattupuzha
Ambalapuzha	and Parur.

(c) There are at present five agency manure depots in Shertallay Taluk. More depots can be opened according to necessity if Co-operative Societies or private individuals come forward to take up the agencies under the usual terms and conditions.

ശ്രീ. ജോസഫ് മാത്തൻ: ബാക്കിയുള്ള താലൂക്കുകളിൽ ഏജൻസി ബേസിസിലാണോ ഡിപ്പോകൾ ഓപ്പൺചെയ്തിരിക്കുന്നത്?

ശ്രീ. കെ. എം. കോര: അതേ.

ശ്രീ. ജോസഫ് മാത്തൻ: അവിടെ ഏജൻസികൾക്കല്ലാതെ മററാർക്കെങ്കിലും കൊടുത്തിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: പ്രൈവററ് ഇൻഡിവിഡ്വൽസിനും കൊടുത്തിട്ടുണ്ട്.

ശ്രീ. ജോസഫ് മാത്തൻ: പ്രൈവററ് ഇൻഡിവിഡ്വൽസോ ഏജൻറ്സോ ഏജൻസികളോ ഗവർമ്മെൻറിൽനിന്നും ഡയറക്ടായി ഏർപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: ഇല്ലെന്നാണ് തോന്നുന്നത്.

ശ്രീ. കെ. എ. മാത്യു: ഈ ഡിപ്പോകൾ മൂലം വിതരണം ചെയ്യുന്നതിനായി ആവശ്യമുള്ള വളം ഇപ്പോൾ സ്റ്റോക്കുണ്ടോ?

ശ്രീ. കെ. എം. കോര: ഉണ്ടാക്കുന്നതിനുള്ള നടപടി ആരംഭിച്ചുകഴിഞ്ഞു.

ശ്രീ. ജോസഫ് മാത്തൻ: ഇപ്പോൾ ഏജൻസി വ്യവസ്ഥയിൽ ഉള്ള ഡിപ്പോകൾ ഗവർമ്മെൻറിൽനിന്നും നേരിട്ട് നടത്തണമെന്ന താലൂക്കുകമ്മററി ശുപാർശ ചെയ്കയും അതനുസരിച്ച് സെൻട്രൽ കമ്മററിയുടെ ശുപാർശയുമുണ്ടായിട്ട് അതനുവദിക്കാതിരുന്നതിന് പ്രത്യേകമായി വല്ല കാരണങ്ങളുമുണ്ടോ?

ശ്രീ. കെ. എം. കോര: പ്രത്യേക കാരണങ്ങൾ ഒന്നുമില്ല. ഗവൺമെൻറിൽനിന്നും ഏജൻസികൾ മുഖേനയോ പ്രൈവററ് ഇൻഡിവിഡ്യുവൽസ് മുഖേനയോ അല്ലാതെ ഗവൺമെൻറിൻെറ ഡയറക്ട് കൺട്രോളിൽ വിതരണം ചെയ്യുന്നതിനു ചില വൈഷമ്യങ്ങൾ ഉണ്ട്. എങ്കിലും അതേപ്പററി പര്യാലോചിക്കാം.

Sri. N. Daniel Jose: What is the usual quantity of manure allowed to these depots for distribution?

Sri. K. M. Korah: That depends upon the area cultivated in each taluk.

Sri. N. Daniel Jose: What is the basis on which this manure is distributed and at what price?

Sri. K. M. Korah: The basis at present is 2 wcts. per acre.

Sri. K. Sivarama Pillai: Are the Government aware that the price is very excessive now?

Sri. K. M. Korah: I do not exactly understand the question; please make it more plain.

Sri K. Sivarama Pillai: Are the Government aware that the price of bone-meal is double that of last year?

Sri. K. M. Korah: No, not double. But it is slightly higher than last year.

Sri. N. D. Jose: May I know what is the price?

Sri. K. M. Korah: The price varies.

Sri. K. Sivarama Pillai: Is there any proposal to reduce the price by abolishing the manure subsidy that is now being given?

Sri. K. M. Korah: That is engaging the serious attention of this Government.

ശ്രീ. പൌലോസ് പൈലി: ഇപ്പോൾ വളം മിക്സ് ചെയ്തു കൊടുക്കുന്ന ഏർപ്പാടുണ്ടോ?

ശ്രീ. കെ. എം. കോര. ഇല്ല.

ശ്രീ. പൌലോസ് പൈലി: അതു മിക്സ് ചെയ്തു കൊടുക്കണമെന്നില്ലേ?

ശ്രീ. കെ. എം. കോര: അതു കർഷകർ വാങ്ങണമെന്നുമില്ല.

Sri P. S. Nataraja Pillai: Is there any substantial stock of groundnut cake at present?

Sri. K. M. Korah: There is no sufficient stock. But arrangements are being made to get sufficient stock.

Sri. P. S. Natarja Pillai: Is there any possibility of importing any stock from outside?

Sri. K. M. Korah: We hope to but we cannot be certain.

IRRIGATION SUPERVISORS

***310 (7) Sri. Joseph Mathen:** Will the hon. Minister for Public Works be pleased to state whether the Government have taken any action to appoint Irrigation Special Supervisors in all taluks. the food production committees of which have demanded such officers for their taluks?

Minister for Finance & Food **(Sri. K. M. Korah):** Government at present do not propose to appoint Irrigation Special Supervisors as suggested.

ശ്രീ. ജോസഫ് മാത്തൻ: ചേർത്തല താലൂക്കിൽനിന്നും ഫുഡ് പ്രൊഡക്ഷൻ കമ്മററിയുടെ ശുപാർശകൾ ഏതെങ്കിലും നടപ്പിൽ വരുത്തിട്ടുണ്ടോ എന്നു പറയാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. എം. കോര: അതു് ഏതെല്ലാം നിർദ്ദേശമാണെന്നു പറഞ്ഞാൽ കൊള്ളാമായിരുന്നു. അവിടെ നടപ്പിൽ വരുത്തിയിട്ടുള്ള ഒരു നിദ്ദേശം ഞാൻ മുമ്പേ പറഞ്ഞതാണു്. Government have already ordered that manure depots may be allowed to be opened according to the needs of the locality and it is enough only if the hon. Member points out the name of any agency or individual in Shertallai to whom manure can be entrusted.

ശ്രീ. ജോസഫു് മാത്തൻ: ഇപ്പറഞ്ഞ നടപടികൾ ഒരു ലൊക്കാലിററിയിലേക്കു മാത്രമായിട്ടല്ല എല്ലാ താലൂക്കുകൾക്കുമുള്ളതാണു്. അതാണോ ചേത്തല താലൂക്കിനു വേണ്ടി ചെയ്തിട്ടുള്ളതു്.

ശ്രീ. കെ. എം. കോര: അതിൻെറ കാരണം കർഷകരെ സംബന്ധിച്ചിടത്തോളം അതായതു നെൽകൃഷിയെ സംബന്ധിച്ചിടത്തോളം മററു താലൂക്കുകൾക്കു കൂടുതൽ പ്രാധാന്യം ഉണ്ടെന്നു ഗവമ്മെൻറു് വിചാരിച്ചതുകൊണ്ടാണു്.

കുന്നമ്മാവു്—ആലുവാ റോഡു്

*൯൧൧ (വ) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പൊതു മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) പാനായിക്കുളം വഴിക്കുള്ള കുന്നമ്മാവു്—ആലുവാ റോഡിൻെറ പണി എന്നാണു് ആരംഭിച്ചതു്;

(ബി) ഈ പണി എത്രകണ്ടു പുരോഗമിച്ചു;

(സി) എന്നു്, ഈ റോഡുപണി പൂത്തിയാകുമെന്നാണു് ഉദ്ദേശിക്കുന്നതു്?

പൊതു മരാമത്തുവകുപ്പുമന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള):

(എ) ൧൧൧൭-ൽ

(ബി) ആലുവാ മുതൽ കടുങ്ങല്ലൂർ വരെയുള്ള റോഡിൻെറ ഒന്നും രണ്ടും ഭാഗങ്ങൾ തീന്നു.

(സി) ക്ലിപ്തസമയം പറയാൻ നിവത്തിയില്ല.

ശ്രീ. അലക്സാണ്ടർ വാകയിൽ: ആറേഴു കൊല്ലമായി പണി ആരംഭിച്ചിട്ടു ഇനിയും പൂത്തിയാകാതിരിക്കാനുള്ള കാരണമെന്താണു്.

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: അതിൻെറ മൂന്നാംഭാഗത്തെ പണി തുടങ്ങണമെങ്കിൽ അതിനു ആവശ്യമുള്ള സ്ഥലം കിട്ടണം. ഇതു് പൊന്നുംവിലക്കുടാതെ സ്ഥലവാസികൾ വിട്ടുതരാമെന്നു പറഞ്ഞതു വിട്ടുതന്നിട്ടില്ല. അതുകൊണ്ടാണു പണി പൂത്തിയാകാത്തതു്.

ശ്രീ. അലക്സാണ്ടർ വാകയിൽ: അങ്ങിനെ വിട്ടുതന്നില്ലെങ്കിൽ പൊന്നുംവിലകൊടുത്തു എടുക്കാൻ സാധിക്കയില്ലേ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: അതിനെപ്പററി ആലോചിച്ചുവരുന്നു.

അനാഥശാലകൾക്കുള്ള അരി

*൯൧൨ (ൻ) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ൧൨ വയസ്സിനു താഴെയുള്ള അനാഥകുട്ടികൾക്കു വിതരണം ചെയ്യുവാനായി ലഭിച്ചിരിക്കുന്ന അരി ഏതെല്ലാം അനാഥശാലകൾക്കു് കൊടുത്തുകഴിഞ്ഞു;

(ബി) ഇനിയും വിതരണം ചെയ്യാത്ത എത്ര അനാഥശാലകളുണ്ട്?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ): (എ) അരി കൊടുത്തുകഴിഞ്ഞ അനാഥശാലകളുടെ ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്.*

(ബി) ൨൧.

ശ്രീ. അലക്സാണ്ടർ വാകയിൽ: ഈ ൨൧ അനാഥശാലകൾക്ക എന്നാണ് അരികൊടുക്കാൻ പോകുന്നതു്;

ശ്രീ. സി. കേശവൻ: ഇനിയും കിട്ടുന്ന അരി അവക്ക് കൊടുക്കും.

ശ്രീ. അലക്സാണ്ടർ വാകയിൽ: ഇപ്പോൾ കിട്ടിയ അരി മുഴവൻ തീൎന്നോ;

ശ്രീ. സി. കേശവൻ: ഇപ്പോൾ കിട്ടിയതു മുഴവൻ തീൎന്നു.

Sri. D. Gnanasigamoni: At what rate is this allotment made?

Sri. C. Kesavan: It depends upon the number of inmates.

Sri. D. Gnanasigamoni: May I know whether it is at least on the same level as the communists?

Mr. Speaker: The question is disallowed.

എഴുപുന്ന റോഡ്

*൩൫൩ (൫൦) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതു മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) എഴുപുന്നറോഡിന്റെ വടക്കേ അറ്റത്ത് ഒന്നര ഫർലാംഗ് സ്ഥലംകൂടി അകപയർചെയ്തു നന്നാക്കി വാഹനയാത്രക്കു സൌകര്യപ്രദമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടു വല്ല നിവേദനവും ലഭിക്കുകയുണ്ടായോ;

(ബി) അതിലേക്കു് ഈ ബഡ്ജററിൽ എന്തു സംഖ്യയാണ കൊള്ളിച്ചിട്ടുള്ളതു്;

(സി) ആ പണി എത്ര പുരോഗമിച്ചിട്ടുണ്ട്?

പൊതുമരാമത്തു വകുപ്പു മന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള):

(എ) ഇല്ല.

(ബി) ബഡ്ജററിൽ തുക കൊള്ളിച്ചിട്ടില്ല.

(സി) പണി ആരംഭിച്ചിട്ടില്ല.

ഭവനനിൎമ്മാണം

*൩൫൪ (൦൫) ശ്രീ. റാഫേൽ ജെ റൊഡ്രിഗ്സ്: ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി അടിയിൽ കുറിക്കുന്ന ചോദ്യങ്ങൾക്ക് സദയം മറുപടി പറയുമോ.—

(എ) ൧൯൫൦—൫൧-ൽ പണി തീൎക്കുന്നതിനായി കൊല്ലം ടൌണിലേക്കു പത്തു വീടുകൾ അനുവദിച്ചു എന്നു് ബഹുമാനപ്പെട്ട മന്ത്രിമാർ ഈ സഭയിൽ പ്രസ്താവിച്ചിട്ടുണ്ടോ;

(ബി) ആ വീടുകൾ പണി കഴിപ്പിച്ചോ?

വിദ്യാഭ്യാസവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി):

(എ) ഉണ്ട്.

(ബി) പണി കഴിപ്പിച്ചിട്ടുണ്ട്.

---

* Please see Appendix I, page 555.

ശ്രീ. റഫേൽ ജെ. റൊഡ്രീഗ്സ്: ൧൧൩൦ — ൩൧-ലേക്ക എവിടെയെല്ലാമാണ് വീട്ട പണി കഴിപ്പിച്ചിട്ടുള്ളതു് ?

ശ്രീ. എൽ. എം. പൈലി: അതിനു നോട്ടീസു വേണം.

അറബി മുൻഷി

*൩൧൫. (൧൨) സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞ്: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

കരുനാഗപ്പള്ളി ക്ലാപ്പന ഷൺമുഖവിലാസം പ്രൈമറി സ്കൂളിൽ ഒരു അറബി മുൻഷിയെ അതിൻെറ മാനേജർ നിയമിച്ചിട്ട് എത്ര കാലമായി; ഇതുവരെ ആ നിയമനം ഗവമ്മെൻറ് അംഗീകരിക്കാതിരിക്കാൻ കാരണമെന്താണ്?

വിദ്യാഭ്യാസവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി) നിയമനം നടത്തിയതു ൧൧൨൮ കുംഭം ൩-ാംനു ആണ്. എന്നാൽ ഈ നിയമനത്തെ സംബന്ധിച്ചിടത്തോളം മുൻകൂട്ടി അനുവാദം വാങ്ങിച്ചിരുന്നില്ല. അനുവാദം വാങ്ങിച്ചിരിക്കണമെന്നു റൂൾ ഉണ്ട്. മാത്രവുമല്ല, അവിടെ കുട്ടികളും കുറവായിരുന്നു. ഈ കാരണങ്ങളാൽ നിയമനം അംഗീകരിച്ചില്ല.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു്: നിയമനം കഴിഞ്ഞശേഷമല്ലെ റൂൾ ഉണ്ടാക്കിയതു്?

ശ്രീ. എൽ. എം. പൈലി: നിയമനത്തിനുശേഷമാണ് റൂൾ ഉണ്ടാക്കിയതെങ്കിലും, റൂൾ ഉണ്ടാക്കിയശേഷമാണ് അനുവാദത്തിനു അപേക്ഷിച്ചതു്.

ROADS

***316. [13] Sri.. K. Ramachandran**: May I know from the hon. Chief Minister.—

(a) the progress made in the concreting, shell or tar-creting work of the M. C. Road and Quilon-Punalur road;

(*b*) whether it is a fact that construction and maintenance of village roads as recommended by the Works Committee of the taluks are not being attended to by Government and the five year plans just published have excluded some of the important recommendations of these taluk committees?

Minister for Public Works **(Sri. G. Chandrasekhara Pillai)**:

(a) A statement *showing the progress is placed on the table.

(*b*) Works recommended by the Works Committee are carried out if funds are allotted for them by the Standing Advisory Committee. The selection of roads for the first and second five year plans is not based on the Works Committees' opinion, but on the principles euunciated in the printed booklet on Village Road Development.

ശ്രീ. കെ. രാമചന്ദ്രൻ: കൊല്ലം, കൊട്ടാരക്കര താലൂക്കുകളിലെ പല വില്ലേജു റോഡുകളും പണി തുടങ്ങാതെ ശോച്യാവസ്ഥയിൽ കിടക്കുന്നുവെന്നറിയാമോ?

ശ്രീ ജി. ചന്ദ്രശേഖരപിള്ള: കമ്മിററി ശുപാർശ ചെയ്തിട്ടുണ്ടെങ്കിൽ പണി നടക്കുന്നതായിരിക്കും.

---

* Please see Appendix II, Page 557.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: റോഡ് ഒരു മൈൽ കാൺക്രീററ ചെയ്യുന്നതിനും ഒരു മൈൽ ടാർ ഇടുന്നതിനും എന്തു തുക വീതം ചെലവു വരുമെന്നു പറയാമോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ഒരു മൈൽ കാൺക്രീററ് ഇടുന്നതിനു ൧൫,൦൦൦ രൂപയും ഒരു മൈൽ ടാർ ഇടുന്നതിനു ൪൦,൦൦൦ രൂപയും ചെലവാകും.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: ഇതിൽ ഏതാണ് ബലത്തരവും നല്ലതും?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: കാൺക്രീററ ഇടുന്നതാണ് നല്ലത്.

ശ്രീ. ചെറിയാൻ കാപ്പൻ: ഈ കാര്യത്തിൽ വർക്കു് കമ്മിററിയുടെ അഭിപ്രായം അറിഞ്ഞിട്ടുണ്ടോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: അറിഞ്ഞിട്ടുണ്ട്.

ശ്രീ. ചെറിയാൻ കാപ്പൻ: വർക്കു് കമ്മിററി ശുപാർശചെയ്ത റോഡുകളിൽ ഏതിന്റെയെങ്കിലും പണി തുടങ്ങാതെ വിട്ടുപോയിട്ടുണ്ടോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: അങ്ങിനെ വിട്ടുപോയിട്ടില്ല.

ശ്രീ. ചെറിയാൻ കാപ്പൻ: അങ്ങിനെ വിട്ടുപോയിട്ടുണ്ടെന്നു ബോദ്ധ്യപ്പെടുത്തിയാൽ അവയെ വീണ്ടും സ്കീമിൽ ചേർക്കുമോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: അങ്ങിനെ ബോദ്ധ്യപ്പെടുത്താൻ സാധിക്കുമോ എന്നു തോന്നുന്നില്ല.

Sri. K. Sivarama Pillai: May I know who prepared the works scheme?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: വർക്കു് കമ്മിററിയാണ്.

BRIDGE AT SASTANCOTTA

***317.** [14] **†Sri. K. Ramachandran**: Will the hon. Minister for Public Works be pleased to state.—

(a) the progress made on the construction of a bridge at Sastancotta across Kallada River;

(*b*) whether it is a fact that it is more than a decade since a survey and estimate for the bridge was prepared and approved by Government?

Minister for Public Works **(Sri. G. Chandrasekara Pillai):**

(a) and (*b*) There is no proposal to construct a bridge across Kallada river at Sastancotta. A survey was taken for constructing a bridge across the Kallada river at the 8th mile Kottarakara-Sastancotta road. Details were collected. The cost worked out to 2 lakhs. Work was not taken up for want of funds.

ശ്രീ. കെ. രാമചന്ദ്രൻ: രണ്ടു വർഷത്തിനു മുൻപു ഈ നിയമസഭയിൽത്തന്നെ, സിമൻറും ഇരുമ്പും കിട്ടുകയാണെങ്കിൽ അതിന്റെ പണി പൂർത്തിയാക്കാമെന്നു പറഞ്ഞിട്ടില്ലേ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: പറഞ്ഞിട്ടുണ്ടെങ്കിൽത്തന്നെ അതു കല്ലട ആററിലെ പാലത്തിനെപ്പററി ആയിരിക്കും.

HARIJAN HOSTELS

***318.** [15] **Sri. N. D. Jose**: Will the hon. Minister for Harijan Uplift be pleased to state.—

(a) whether any Harijan Hostels are conducted by the Government at present;

(*b*) if so, the number; and

(c) if not, the reasons for closing down the existing Harijan Hostels?

Chief Minister **(C. Kesavan)**: (a) No.

(b) This does not arise in view of the answer to part (a) of the question,

(c) Out of nearly 200 students belonging to Backward Communities who were studying in Colleges, only about 50 could be provided accommodation in the two Harijan Hostels. During the last academic year, many students preferred to stay outside the hostels. Further Government considered that the policy of running hostels exclusively for Backward Communities would be detrimental to the students from the point of view of their social advancement. It was for these reasons that the Harijan Hostels for College students were stopped from the commencement of the current academic year. However, all the Harijan students studying in Colleges. are being given stipends to cover their boarding and lodging expenses.

Sri. N. D. Jose: What is the amount of the stipend given?

Sri. C. Kesavan: Generally it is Rs. 45, but in special cases where they were admitted in the Government hostels, special addition has been made.

കാവുംഭാഗം—ഇടിഞ്ഞിലം റോഡ്

*൩൧൯. (൧൮) ശ്രീ. കെ. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവല്ലാ താലൂക്കിൽ കാവുംഭാഗം-ഇടിഞ്ഞിലം റോഡ് നന്നാക്കുന്നതിനുള്ള തുകകൾ ബഡ്ജറ്റിൽ കൊള്ളിച്ചുതുടങ്ങിയിട്ടു എത്ര വർഷങ്ങളായി;

(ബി) എന്തുകൊണ്ടാണ് പ്രസ്തുത റോഡിന്റെ പണി തുടങ്ങാത്തത്?

പൊതുമരാമത്തു വകുപ്പു മന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള):

(എ) ൧൧൨൯-ൽ ആദ്യമായി തുക കൊള്ളിച്ചിരുന്നു.

(ബി) ഈ റോഡുപണിക്കുള്ള മണ്ണ് അടുത്ത സ്ഥലങ്ങളിൽനിന്നും കിട്ടാത്തതുകൊണ്ടും അതിലേക്ക് മറെറാരു സ്ഥലം പൊന്നുംവില കൊടുത്തു എടുത്തപ്പോൾ ഒരു വലിയ പ്രതിഷേധം ഉണ്ടാകയും ചെയ്തതിന്റെ ഫലമായി മണ്ണെടുക്കാൻ സാധിക്കാതെവരികയും തന്മൂലം ജോലി തുടങ്ങാതെ ഇരിക്കയും ചെയ്തിട്ടുള്ളതാണ്.

ശ്രീ. കെ. എ. മാത്യു: ഈ ജോലി ആരംഭിക്കുന്നതിനു വല്ല നടപടിയും എടുക്കുന്നുണ്ടോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: വേറെ സ്ഥലം പൊന്നുംവില കൊടുത്തു എടുക്കുന്നുണ്ട്.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: അടുത്തുതന്നെ റോഡിനുവേണ്ടി മണ്ണെടുക്കാൻ സൗകര്യമുള്ള സ്ഥലം ഉണ്ടെന്നറിയാമോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ഉണ്ടെങ്കിൽത്തന്നെയും ഉടമസ്ഥൻ സമ്മതിച്ചാൽ ഉടൻ പൊന്നുംവില കൊടുത്തു എടുക്കാം.

PAY OF TEACHERS

***320.** [19] **Sri.Neelakantaru Pandarathil:** ‡ Will the hon. Minister for Education be pleased to state.—

(a) whether it is a fact that there is great disparity in the scale of pay of teachers employed in private and Government institutions; and

‡ The Member being absent, this question was put by Sri. K. Ramachandran with the permission of the Chair.

(*b*) Whether a primary school headmaster loses his pay while promoted to a middle school?

Minister for Education and Revenue (**Sri. L. M. Pylee**):

(*a*) There is disparity in the scales of pay of teachers in private and departmental secondary schools.

(*b*) The headmaster of a departmental primary school will be getting Rs. 25 plus Rs. 5, plus Rs. 27, that is a total of Rs. 57. When he is promoted to the higher grade of Rs. 22—28 he is allowed to continue on Rs, 25 with the dearness allowance of Rs. 22.

ശ്രീ. കെ. രാമചന്ദ്രൻ: പ്രൈമറി സ്കൂളിൽനിന്നും ഒരു അദ്ധ്യാപകനെ ഹയർ ഗ്രേഡിലേക്കു പ്രമോട്ടുചെയ്യുമ്പോൾ നഷ്ടപ്പെട്ടുപോയ ൩ രൂപ കോമ്പൻസേറ്റു് ചെയ്യാൻ സാധിക്കയില്ലേ?

ശ്രീ. എൽ. എം. പൈലി: ഇങ്ങനെയുള്ള സംഗതികൾ ശരിപ്പെടുത്തുന്നതിൽ പല ന്യൂനതകളും വന്നുചേരാനിടയുണ്ടു്. അവയൊക്കെ പരിഹരിക്കുന്നതിനുവേണ്ടി ഗവമ്മെൻറു് ആലോചിച്ചുവരുന്നു.

ILL TREATMENT OF N. G. Os. BY THE FINANCE SECRETARY

*321. [21] **Sri Neelakantaru Pandarathil**: ‡ Will the hon. Chief Minister be pleased to state.—

(*a*) whether attention of Government has been drawn to the recent ill treatment of N. G. Os. by the Financial Secretary; and

(*b*) whether Government have enquired into the conduct of this Officer?

Chief Minister (**Sri. C. Kesavan**):

(*a*) Yes.

(*b*) Yes.

ശ്രീ. കെ. രാമചന്ദ്രൻ: എന്തു് നടപടിയാണു് ഇതിനെ സംബന്ധിച്ചു എടുത്തിട്ടുള്ളതു്.

ശ്രീ. സി. കേശവൻ: ഗവമ്മെൻറു് ഈ സംഭവത്തെ സംബന്ധിച്ചു സെക്രട്ടറിയേററിൽതന്നെ അന്വേഷണം നടത്തി. അതിൽ ഒരവസാന തീരുമാനം ചെയ്യത്തക്കവണ്ണം തെളിവു് എടുത്തിട്ടില്ല. സംശയിക്കപ്പെട്ട പ്രസ്താവന മേലാൽ ഉണ്ടാകാതെയിരിക്കത്തക്കവണ്ണം നടപടികൾ എടുത്തിട്ടുണ്ടു്.

Sri. P. S. Nataraja Pillai: Was there any actual ill-treatment of the N. G. Os by the Financial Secretary?

Sri. C. Kesavan: It has not been found whether there has been any actual ill-treatment.

PUBLIC WORKS DEPARTMENT

*322. [22] **Sri. Paul Thaliath**: Will the hon. Minister for Public Works be pleased to state.—

(*a*) whether the Committee appointed to go into the reorganisation of the Public Works Department has submitted its report;

(*b*) if so, the main recommendations of that committee;

(*c*) the action taken on such recommendations; and

(*d*) if the answer to (a) is in the negative, when the committee will be able to submit its report?

---

‡ The Member being absent, this question was put by Sri. K. Ramachandran with the permission of the Chair.

Minister for Public Works **(Sri. G. Chandrasekhara Pillai:)**

(*a*) Yes.
(*b*) This cannot be published now as it is under consideration.
(*c*) The report is under the consideration of Government.
(d) Does not arise in view of the answer to (a)

ശ്രീ. പാൾ തളിയത്ത്: എന്നാണ് കമ്മിററി റിപ്പോർട്ട സമർപ്പിച്ചത്?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ൫—൭—൧൯൫൦.

CHETTIBAGOM MARKET

***323.** [23] **Sri. Paul Thaliat:** Will the hon. Minister for Revenue be pleased to state.—

(a) whether the work in connection with the improvement of the Chettibagom Market in Parur taluk has been started;

(*b*) if the answer to (a) is in the affirmative when the work will be complete; and

(c) if the answer to (a) is in the negative the reasons for delay ?

Minister for Education and Revenue **(Sri. L. M. Pylee)**:

(a) Not actually started but the Public Works Department has been requested to commence the work immediately.

(*b*) It is expected to be completed before the close of this financial year.

(*c*) No avoidable delay has been caused in the matter.

SALES TAX

***324.** [24] **Sri. Paul Thaliat:** Will the hon. Minister for Finance be pleased to state the nature of the action taken by the Government on the representation regarding the introduction of single point sales tax?

Minister for Finance and Food **(Sri. K. M Korah)**: The matter is under the consideration of Government.

ശ്രീ. പാൾ തളിയത്ത്: കഴിഞ്ഞ അസംബ്ളിയിലും ഈ സംഗതി ഗവമ്മെൻറ് ആലോചിക്കുകയാണ് എന്നു പറഞ്ഞിട്ടുണ്ട്. അതനുസരിച്ച് എന്തു ആലോചനയാണ് നടത്തിയത്?

ശ്രീ. കെ. എം. കോര: അതിനുശേഷം അഗ്രികൾച്ചറൽ ഇൻകംടാക്സ്, സെയിൽസ് ടാക്സ്, ഈ വകുപ്പുകളിലെ അസിസ്റ്റൻറ് കമ്മീഷണറന്മാരുടെയും ഡെപ്യൂട്ടി കമ്മീഷണറന്മാരുടെയും റവന്യൂ ബോർഡിൻെറയും ഒരു കോൺഫറൻസ് ൧൯൫൦ ആഗസ്റ്റ് ൨൭-ാംനു നടക്കുകയുണ്ടായി. അതു സംബന്ധിച്ചുള്ള ആലോചന പൂർത്തിയായിട്ടില്ല.

ശ്രീ. പാൾ തളിയത്ത്: കഴിയുന്നതും വേഗത്തിൽ ആലോചന പൂർത്തിയാക്കുന്നതിനു ഗവമ്മെൻറ് ശ്രമിക്കുമോ?

ശ്രീ. കെ. എം. കോര: ശ്രമിക്കാം.

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: സിങ്കിൾ പോയിൻറ് ടാക്സ് ഏർപ്പെടുത്തണമെന്നു ഗവമ്മെൻറിനു ഉദ്ദേശമുണ്ടോ?

ശ്രീ. കെ. എം. കോര: ഉദ്ദേശത്തെപ്പററി ഇപ്പോൾ പറയാറായിട്ടില്ല. ഇതിൻെറ എല്ലാവശങ്ങളെയുംപററി ആലോചിച്ചു ഒരു തീരുമാനത്തിലെത്തിച്ചേരുന്നതാണ്.

ശൂരനാട്ടു കേസ്സ്

*൩൨൯. (൨൩) ശ്രീമതി ദേവകി ഗോപിദാസ്: † താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) ശൂരനാട്ടുകേസ്സിലെ ഓരോ പ്രതിയുടേയും മരണകാര്യത്തെപ്പററി ഗവമ്മെൻറ് വല്ല അന്വേഷണവും നടത്തിയിട്ടുണ്ടോ;

(ബി) ശൂരനാട്ടുകേസ്സിൽ ഇപ്പോൾ എത്ര പ്രതികൾ ബാക്കിയുണ്ടെന്ന് പറയാമോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ): (എ) ഇല്ല.

(ബി) ൨൩ പ്രതികൾ കസ്റ്റഡിയിൽ ഉണ്ട്.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: ഈ കേസ്സിൽ ആകെ എത്ര പ്രതികളുണ്ട്?

ശ്രീ. സി. കേശവൻ: ൨൧.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞ്: എത്ര പേർ ആകെ മരിച്ചിട്ടുണ്ട്?

ശ്രീ. സി. കേശവൻ: ൩ പേർ.

സന്താനനിയന്ത്രണം

*൩൨൩. (൨൧) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമൊ.—

(എ) സന്താനനിയന്ത്രണം ആവശ്യമാണെന്ന് തിരുവിതാംകൂർ-കൊച്ചി ഗവമ്മെൻറിനു തോന്നിയിട്ടുണ്ടോ;

(ബി) സന്താനനിയന്ത്രണം നടപ്പിലാക്കുന്നതിനു വല്ല പദ്ധതിയും ഗവമ്മെൻറിൻെറ മുമ്പാകെയുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ): (എ) ഇല്ല.

(ബി) ഇല്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഇപ്പോൾ വദ്ധിച്ചുവരുന്ന നിരക്കിൽ ഉള്ള ജനസംഖ്യ വദ്ധിച്ചുവന്നാൽ അടുത്തകാലത്ത് ഭക്ഷ്യക്ഷാമം വളരെ വദ്ധിക്കുമെന്നറിയാമോ?

ശ്രീ. സി. കേശവൻ: അതു ഓരോരുത്തരും ആലോചിക്കേണ്ട കാര്യമാണ്. ഗവമ്മെൻറ് ചെയ്യേണ്ട കാര്യമല്ല.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: പല ഗവമ്മെൻറുകളും സന്താനനിയന്ത്രണം ഏർപ്പെടുത്തുവാൻ ആലോചിക്കുന്നതായി അറിയാമോ?

ശ്രീ. സി. കേശവൻ: ചില ഗവമ്മെൻറുകൾ അങ്ങനെ ആലോചിക്കുന്നുണ്ടാവാം.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: ഇൻഡ്യാ ഗവമ്മെൻറ് ആലോചിച്ചു വരുന്നതായി അറിയാമോ?

† The Member being absent, this question was put by Sahib Bahadur T. A Moideen Kunju with the permission of the Chair.

ശ്രീ. സി. കേശവൻ: ഇൻഡ്യാ ഗവമ്മെൻറിലെ യോഗ്യന്മാരിൽ പലരും അതിനെപ്പററി അഭിപ്രായം പറഞ്ഞിട്ടുണ്ട്. പക്ഷെ ഗവമ്മെൻറ് ഇതിനെപ്പററി യാതൊന്നും ചെയ്തിട്ടില്ല.

ശ്രീ. കെ. രാമചന്ദ്രൻ: മന്ത്രിസഭാംഗങ്ങളിൽ ആരെങ്കിലും ഇതിനെപ്പററി ആലോചിച്ചിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ആലോചിച്ചിട്ടുണ്ട്.

Sri. A. P. Udayabhanu: Has not the Planning Commission, in its report, envisaged family planning ?

Sri. C. Kesavan: I must acknowledge my ignorance of the details of the Planning Commission's Report.

Sri. D. Gnanasigamoni. May I know whether it is not a fact that a resolution to this effect was thrown out in the last session of the Assembly ?

Sri. C. Kesavan. Exactly so.

ശ്രീ. പി. സി. ആദിച്ചൻ: ഇൻഡ്യൻ ഭരണഘടനയനുസരിച്ച് പട്ടികജാതിക്കാർക്ക് ൧൦ കൊല്ലത്തേക്ക് ജനസംഖ്യയനുസരിച്ചു റിസർവേഷൻ അനുവദിച്ചിരിക്കുന്ന നിലക്ക് ഈ ൧൦ കൊല്ലത്തിനകം സന്താനനിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നതു് അവർക്ക് ദോഷകരമാണെന്നറിയാമോ?

Mr. Speaker. That question is disallowed.

പബ്ലിക്ക് സർവ്വീസിൽ റിസർവ്വേഷൻ

*൩൨൧. (൨൮) **ശ്രീ. എം. പി. കൃഷ്ണദാസ്:** താഴെ പറയുന്ന ചോദ്യത്തിന് പബ്ലിക്ക് സർവ്വീസ് വകുപ്പിന്റെ ചാർജ്ജ് വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ.—

പബ്ലിക്ക് സർവ്വീസിൽ റിസർവേഷൻ ഉള്ള സമുദായങ്ങൾ ഏവ? അതു് എന്തെല്ലാം തത്വത്തെ അടിസ്ഥാനമാക്കിയാണ് കൊടുത്തുവരുന്നതു്? അതിൽ പട്ടികജാതിക്കാർക്കുള്ള പ്രത്യേക പരിഗണനകൾ എന്തെല്ലാം?

മുഖ്യമന്ത്രി (**ശ്രീ. സി. കേശവൻ**): ഇൻഡ്യൻ കോൺസ്റ്റിററ്യൂഷൻ ആക്ട് അനുസരിച്ചു പബ്ലിക്ക് സർവ്വീസിൽ സാമ്പത്തികപരമായി അവശത അനുഭവിക്കുന്ന സമുദായങ്ങൾക്ക് സംവരണം പൊതുവെ അനുവദനീയമല്ലാത്തതിനാൽ ഇപ്പോൾ പബ്ലിക്ക് സർവ്വീസിൽ സംവരണം ചെയ്യുന്നില്ല. ഏതെല്ലാം സമുദായങ്ങൾക്കാണ് സംവരണം ആവശ്യമുള്ളതെന്നും മററും ആലോചിക്കുന്നതിനായി ഗവമ്മെൻറിൽനിന്നും ഒരു കമ്മിററി രൂപീകരിച്ചിട്ടുണ്ട്. അതിന്റെ റിപ്പോർട്ട് കിട്ടിയതിനുശേഷം ഈ നിലയെക്കുറിച്ചു ഒരു തീരുമാനം ചെയ്യുന്നതാണ്.

ശ്രീ. സി. സി. പ്രസാദ്: ഷെഡ്യൂൾഡ് കാസ്റ്റിന് സംവരണം അനുവദിച്ചിട്ടില്ലേ?

ശ്രീ. സി. കേശവൻ: ഉണ്ട്. എന്നാൽ സംവരണം അനുവദിച്ചിട്ടില്ലാത്ത മററു സമുദായക്കാരുടെ കാര്യംകൂടി പരിഗണിച്ചു ഒരു തീരുമാനം ചെയ്യാമെന്നും അതു പട്ടികജാതിക്കാരുടെ സംവരണാവകാശത്തെ ഹനിക്കാതെതന്നെ ചെയ്യാമെന്നുമാണ് ഗവമ്മെൻറ് തീരുമാനിച്ചിരിക്കുന്നതു്.

Sri. P. S. Nataraja Pillai: Is recruitment by the Public Service Commission now made purely on the basis of merit or communal representation?

Sri. C.!Kesavan: It is now made purely on merit. There is no communal G.'O. existing.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: പബ്ലിക്ക് സർവ്വീസിൽ പട്ടികജാതിക്കാരെ സംബന്ധിച്ചിടത്തോളം ഇപ്പോഴും ചില പ്രത്യേക പരിഗണനകൾ അനുവദിച്ചിട്ടില്ലേ?

ശ്രീ. സി. കേശവൻ: ഉണ്ട്. ഞാനതു പറഞ്ഞുകഴിഞ്ഞു. എന്നാൽ മററു അവശതകളുള്ള സമുദായങ്ങളുടെ കാര്യവും കൂടി കണക്കു കൂട്ടി ആ വ്യവസ്ഥ നടപ്പിലാക്കാമെന്നു വിചാരിച്ചാണു ഗവമ്മെൻറ് ഒരു കമ്മററിയെ നിയമിച്ചതു്.

ഹയറും, ശാസ്ത്രിയും പാസ്സായ വിദ്യാർത്ഥികൾ

*൩൨൮. (൨൯) ശ്രീ. എം. പി. കൃഷ്ണദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പബ്ലിക്ക് സർവ്വീസ് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) സ്കൂൾഫൈനൽ പരീക്ഷ പാസ്സായിട്ടുള്ളവരെപോലെതന്നെ ഹയർ, ശാസ്ത്രി എന്നീ പരീക്ഷകൾ പാസായിട്ടുള്ളവക്കും അദ്ധ്യാപക വൃത്തിയിൽ നിയമനത്തിൽ മുൻഗണന നൽകണമെന്നു ഗവമ്മെൻറിനു മെമ്മോറാണ്ടം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു?

വിദ്യാഭ്യാസവും, റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എൽ. എം. പൈലി):

(എ) ഉണ്ട്.

(ബി) അതു ഗവമ്മെൻറിൻെറ ആലോചനയിൽ ഇരിക്കുകയാണ്.

വ്യയന്യൂനീകരണപദ്ധതി

*൩൨൯. (൩൦) ശ്രീ. എം. പി. കൃഷ്ണദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പബ്ലിക്ക് സർവ്വീസ് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഏതെല്ലാം ഡിപ്പാർട്ടുമെൻറുകളിൽ വ്യയന്യൂനീകരണം നടപ്പിലാക്കിയിട്ടുണ്ട്;

(ബി) റീഓർഗനൈസേഷൻ കമ്മററി റിപ്പോർട്ടനുസരിച്ച് എക്സൈസ്, രജിസ്ട്രേഷൻ, സഹകരണം എന്നീ വകുപ്പുകളിൽ വ്യയന്യൂനീകരണം എത്രമാത്രം നടപ്പിലാക്കിയിട്ടുണ്ട്;

(സി) നടപ്പിലാക്കിയിട്ടില്ലെങ്കിൽ ഇനിയും അതു നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) സഹകരണവകുപ്പിൽ ഭാഗികമായി നടത്തിയ വ്യയന്യൂനീകരണം മൂലം കൊല്ലം ഡെപ്യൂട്ടി രജിസ്ട്രാരാഫീസിൽമാത്രം ജോലി വളരെ കൂടുതലായിട്ടുള്ള വിവരം ഗവമ്മെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) ഒരു ഡിപ്പാർട്ടുമെൻറിലേയും വ്യയന്യൂനീകരണം പൂർണ്ണമായി നടപ്പിലാക്കിയിട്ടില്ല.

(ബി) റജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിൽ വ്യയന്യൂനീകരണം നടപ്പിലാക്കിയിട്ടില്ല. ഇൻടേർണൽ ലാൻറ് കസ്റ്റംസ് നിറുത്തലാക്കുകയും എക്സൈസ് ഭരണം കേന്ദ്രഗവമ്മെൻറ് ഏറെറടുക്കുകയും ചെയ്യുതിനാൽ ആ വകുപ്പിലെ ഒരു ഭാഗം ജീവനക്കാരെ കുറവു ചെയ്തിട്ടുണ്ട്. സഹകരണ ഡിപ്പാർട്ടുമെൻറിൽ മാ

മാവേലിക്കര, ഡെപ്യൂട്ടി രജിസ്ട്രാരുടെ ആഫീസ് ൧൯൫൦ നവംബർ ൧–ാംനു മുതൽ നിറുത്തൽ ചെയ്തു.

(സി) അതിനെപ്പററി ഗവമെൻറ് പര്യാലോചിച്ചുകൊണ്ടിരിക്കുകയാണ്.

(ഡി) ഉണ്ടു്.

ശ്രീ. സി. സി. പ്രസാദ്: ജോലിയിൽ നിന്നും പിരിച്ചുവിട്ടവരെ വീണ്ടും നിയമിക്കുമോ?

ശ്രീ. സി. കേശവൻ: അവരെ പിരിച്ചുവിട്ടതു് ഏതാനും ചില ഉദ്യോഗങ്ങൾ ആവശ്യമില്ലാത്തതുകൊണ്ടാണ്. അതു ഇനിയും ഉണ്ടാകാൻ നിവൃത്തിയില്ലാത്ത ഉദ്യോഗങ്ങളാണ്.

ശ്രീ. സി. സി. പ്രസാദ്: അവരുടെ സർവ്വീസനുസരിച്ചു മററു ഡിപ്പാർട്ടുമെൻറുകളിൽ ജോലി കൊടുക്കുന്നുണ്ടോ?

ശ്രീ. സി. കേശവൻ: നിവൃത്തിയുള്ളിടത്തോളം കൊടുക്കുന്നുണ്ടു്.

ഇലക്ട്രിസിററി കണക്ഷൻ

*൩൩൦. (൩൧) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) ചേർത്തല കൺസർവെൻസി ടൗൺ വിഭാഗംവിട്ടു് ഏതെല്ലാം സ്ഥലങ്ങളിലേക്കു് ഇലക്ട്രിസിററി കണക്ഷൻ കൊടുത്തിട്ടുണ്ടു്;

(ബി) ചേർത്തലയിലെ പ്രധാന കമ്പോളസ്ഥലങ്ങളായ മുഹമ്മ, പൊന്നാംവേളി, കുത്തിയതോടു് ഇവിടങ്ങളിലേക്കു് കണക്ഷൻ കൊടുക്കുന്നതിനു് ഗവമെൻറിലേക്കു് അപേക്ഷകൾ കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള):

(എ) മായിത്ര എന്ന സ്ഥലത്തേയ്ക്കു കൊടുത്തിട്ടുണ്ടു്.

(ബി) അപേക്ഷകൾ കിട്ടിയിട്ടുണ്ടു്. മുഹമ്മയിൽ വിദ്യുച്ഛക്തിവിതരണം ചെയ്യുന്നതിനു വേണ്ട എസ്റ്റിമേററ് അനുവദിക്കുകയും ജോലികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ടു്. പൊന്നാംവെളിയിൽ വിതരണം ചെയ്യുന്നതിനെസംബന്ധിച്ചു വേണ്ട എസ്റ്റിമേററ് തയ്യാറാക്കിവരികയാണ്. കുത്തിയതോടിനെ സംബന്ധിച്ചുള്ള ജോലികൾ സാമ്പത്തിക കാരണങ്ങളാൽ അടുത്ത വർഷം ഉടനെ സാധിക്കുകയുള്ളു.

நவீன முறை மீன் உலர்த்து நிலையம்

*331 (32). ஸ்ரீ. எஸ். அம்புரோஸ் : *கீழ் குறிப்பிடும் வினக்களுக்கு கனம் உணவு மந்திரி அவர்கள் விடை பகர்வார்களாக.—*

(எ) *கன்னியாகுமரியில் நவீன முறை மீன் உலர்த்து நிலயம்* (Model Fish Curing Yard) *நிர்மாணிப்பதற்காக மத்திய சர்க்காரிடமிருந்து கிடைத்த தொகை எவ்வளவு ?*

(பி) *இப்போது கட்டப்பட்டிருக்கும் நிலயத்திற்காக செலவான தொகை எவ்வளவு ?*

(ஸி) *பிரஸ்தாப நிலய நிர்மாண வேலை பூர்த்தியாவதற்கு இன்னும் எவ்வளவு நாட்கள் ஆகும் ?*

(டி) மக்களின் சுகாதார அபிவிருத்திக்கு வசதிகள் அமைத்துக்கொடுக்க சர்க்காரிடம் உடனடி திட்டம் ஏதேனும் உண்டா?

Minister for Finance & food **(Sri. K. M. Korah):**

(*a*) No amount has been received from the Government of India for the definite purpose of starting a model fish curing yard at Cape, but a sum of Rs. 1,82,200 has been sanctioned by the Government of India for all the schemes worked under the fish development schemes which include also the model fish curing yard at Cape. No amount has ever been received under this grant. The matter is under correspondence with the Government of India.

(*b*) An expenditure amounting to Rs. 93,704 has been incurred so far for the construction of the work.

(*c*) The work is expected to be completed within two months.

(*d*) No, but amenities are provided whenever such requests are received by Government.

Sri. N. Daniel Jose: Has the Government of India offered to meet 50 per cent of the cost for development schemes with regard to the fishing industry in the State?

Sri. K: M. Korah: As far as this particular item is concerned, the Government of India have granted only Rs. 1,82,200.

കമ്മ്യൂണിസ്റ്റ് കേസ്സുകൾ

*൩൩൧. (൩൪) †ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) കമ്മ്യൂണിസ്റ്റുകാരുടെ പേരിൽ ഒരു കൊല്ലത്തിനിപ്പുറം എത്ര കേസ്സുകൾ ചാർജ്ജ് ചെയ്തിട്ടുണ്ട്;

(ബി) അതിൽ എത്ര കേസുകൾ അക്രമം നടത്തിയതിനു ചാർജ്ജ് ചെയ്തിട്ടുള്ളതാണ്?

Chief Minister **(Sri. C. Kesavan):** I am sorry that the answer is not ready.

ശ്രീ. എ. കെ. ഗോപാലന്റെ പ്രസംഗനിരോധനം

*൩൩൨. (൩൫) †ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) കമ്മ്യൂണിസ്റ്റ് നേതാവായ ശ്രീ. എ. കെ. ഗോപാലൻ പൊതുയോഗങ്ങളിൽ പ്രസംഗിക്കുന്നതിനേയും പ്രസ്സ് കാൺഫറൻസ് നടത്തുന്നതിനേയും നിരോധിച്ചുകൊണ്ട് തിരുവനന്തപുരം ഡിസ്ട്രിക്ട് മജിസ്ട്രേട്ട് കല്പന പുറപ്പെടുവിച്ചതു ഗവമെന്റു നിർദ്ദേശപ്രകാരമാണോ?

(ബി) രാഷ്ട്രീയനേതാക്കൾ പ്രസ്സ് കാൺഫറൻസ് നടത്തുന്നത് മറെറതെങ്കിലും രാജ്യത്തു നിരോധിച്ചിട്ടുള്ളതായി ഗവമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

(സി) ശ്രീ. എ. കെ. ഗോപാലന്റെ തിരുവിതാംകൂർ-കൊച്ചി പര്യടനത്തിന്റെ പേരിൽ ഗവമെന്റിനു് എന്തു ചിലവു വന്നിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ): (എ) അല്ല.

(ബി) ഇല്ല.

(സി) ശ്രീ. ഗോപാലന്റെ പര്യടനത്തിന്റെ പേരിൽ മാത്രമായി ഗവമെന്റിനു ഒന്നും ചിലവുവന്നിട്ടില്ല.

†As the Member was absent, this question was put by Sahib Bahadur T. A. Moideenkunju, wieh the permission of the Chair.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞ്: നിരോധനം ഏർപ്പെടുത്തിയിരുന്നകാലത്തു പോലീസ് ഡിപ്പാർട്ടുമെൻറിനു എന്തെങ്കിലും കൂടുതൽ ചെലവു വന്നിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഇല്ല. പോലീസുകാർക്കു പെട്ടെന്നും അവിചാരിതമായും ഇതുപോലെ പല കേസുകളും അന്വേഷിക്കേണ്ട പല അവസരങ്ങളും ഉണ്ടാകും. സാധാരണയായി ഇതുപോലെ പല അന്വേഷണങ്ങളും പോലീസുകാർ നടത്താറുണ്ട്. അതിലൊന്നാണു ഇതും.

ശ്രീ. കെ. രാമചന്ദ്രൻ: രണ്ടു പോലീസുകാർ ശ്രീ. എ. കെ. ഗോപാലന്റെ കൂടെ പോയിരുന്നു എന്നു പറയുന്നതു ശരിയാണോ?

ശ്രീ. സി. കേശവൻ: പോയിരിക്കാം. ഒരുപക്ഷെ പോലീസുകാർ നടന്നും പോയിരിക്കാം. ഇങ്ങനെയുള്ളവരെ സൂക്ഷിക്കേണ്ടതു് പോലീസുകാരുടെ ചുമതലയാണ്.

ശ്രീ. സി. സി. പ്രസാദ്: അതിനു ഓരോ സ്റ്റേഷനതൃത്തിയിലും ഉള്ള പോലീസുകാർ അടുത്ത സ്റ്റേഷനതൃത്തിവരെ അവരെ സപ്ലയിൽചെയ്തു അടുത്ത സ്റ്റേഷൻകാരെ ഏല്പിക്കുകയല്ലേ നല്ലതു്?

ശ്രീ. സി. കേശവൻ: അതെല്ലാം ഡിപ്പാർട്ടുമെൻറിന്റെ സൗകര്യംപോലെയാണ്.

Sahib Bahadur A. Abdul Razaak; Is it a fact that Mr. Gopalan was prevented from holding a Press conference?

Sri. C. Kesavan: Yes, it is a fact.

Sahib Bahadur A. Abdul Razaak; Is it not a fact that he was issuing statement after statement in respect of his being prevented from making a public utterance here?

Sri C. Kesavan; He might have done So. But I am told that the District Magistrate had information to the effect that his plan was to hold a meeting in the name of a Press Conference here wherein some questions may be asked and answers made thereto. It was thought that he would be making some kind of demonstration which would ultimately lead to undesirable results. All this he wanted to take place in a maidan where there will be facility for people to gather and all the rest of it. That was his plan and, therefore, it was prevented.

ശ്രീ. സി. സി. പ്രസാദ്; ഗവൺമെൻറ് അങ്ങനെ കണ്ടുപിടിച്ചതു് ഒരു കീഴ്വഴക്കം എന്ന നിലയിലായിരുന്നോ?

ശ്രീ. സി. കേശവൻ: കീഴുംമേലും ഒന്നും നോക്കിയില്ല.

GRADUATE TEACHERS

*334. (37) **Sri. K. A. Mathew**: Will the hon. Minister for Education be pleased to state:

(*a*) the total number of graduate teachers in the Education Department on a fixed pay of Rs. 50;

(*b*) of these how many have been advised by the Public Service Commission for appointment in the scale of Rs. 50-100;

(*c*) on what condition have those referred to in (b) been appointed on the fixed pay; and

(*d*) how many of them have been promoted to the third grade in the vacancies that have arisen since then in fulfilment on the condition that they would be absorbed into the scale as and when vacancies arise?

Minister for Education and Revenue **(Sri. L. M. Pylee)**:

(*a*) 338.

(*b*) 58.

(c) they would be absorbed in the scale of Rs. 50-100 when vacancies are available.

(*d*) None.

ശ്രീ. കെ. എ. മാത്യു: ഇപ്പോൾതന്നെ വേക്കൻസി ഉണ്ടെങ്കിൽ അതിൽ അവരെ അബ്സാർബ് ചെയ്യുന്നതിനു് ഡിപ്പാർട്ടുമെൻറിനു അവകാശമില്ലേ?

ശ്രീ. എൽ. എം. പൈലി: അവരെ അബ്സാർബ് ചെയ്യുന്നതാണെന്നു ഡിപ്പാർട്ടുമെൻറിൽനിന്നും പ്രസ്താവിച്ചിട്ടുണ്ടു്.

Sri. N. D. Jose: Are there about 37 teachers who have not yet been paid their salary?

Sri. L. M. Pylee: Does that relate to those who have been recruited?

Sri. N. D. Jose: Both of those recruited and outside?

Sri. L. M. Pylee: Of those recruited there are some who have to be paid. Regarding those from outside there is no information available.

റേഷൻ കാർഡുകൾ

*൩൩൬. (൩൯) ശ്രീ. പി. നാണു: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) റേഷൻ കാർഡുകൾ നൽകുവാൻവേണ്ടി പ്രായക്കുറവുള്ളവരേയും ഇല്ലാത്തവരേയും തിരിച്ചു ഒടുവിൽ കണക്കെടുത്തതു് എപ്പോഴാണു്;

(ബി) അക്കാലത്തു പ്രായപൂർത്തിവരാതിരുന്നവർ എത്രപേരാണു്;

(സി) ഒടുവിൽ കാർഡു പുതുക്കിക്കൊടുത്തപ്പോൾ ഇവരിൽ എത്രപേർ പ്രായപൂർത്തിയുള്ളവരായിത്തീർന്നിട്ടുണ്ടു്;

(ഡി) ഇവരിൽ എത്രപേരെ ഒടുവിൽ പുതുക്കിക്കൊടുത്ത കാർഡുകളിൽ പ്രായപൂർത്തിയുള്ളവരായി ഉൾപ്പെടുത്തിയിട്ടുണ്ടു്?

ധനകാര്യവും ഭക്ഷ്യവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര):

(എ) തിരുവനന്തപുരം നഗരത്തിലും, ആലപ്പുഴ, കൊല്ലം, കോട്ടയം, നാഗർകോവിൽ എന്നീ പട്ടണങ്ങളിലും തോവാള, ചെങ്കോട്ട, പീരുമേടു് എന്നീ താലൂക്കുകളിലും ൧൯൪൩ അവസാനത്തിലും ൧൯൪൪ ആദ്യവും തിരുവിതാംകൂറിലെ മററു താലൂക്കുകളിലും കൊച്ചി പ്രദേശത്തു് ൧൯൪൫ ജനുവരിയിലും ഒടുവിലത്തെ റേഷൻ സെൻസസ്സു് എടുക്കുകയുണ്ടായി.

(ബി). തിരുവിതാംകൂർ പ്രദേശത്തു് ൧൬൨൦൧൩. കൊച്ചി പ്രദേശത്തു് ൨൯൯൩൦൯.

(സി) കാർഡു് പുതുക്കികൊടുക്കുന്നതു് പഴയ കാർഡിൻെറ അടിസ്ഥാനത്തിലായതിനാൽ പുതുക്കുന്ന അവസരങ്ങളിൽ വ്യത്യാസം ഒന്നും വരുത്താറില്ല. കാർഡു് കിട്ടിയതിനുശേഷം കാർഡു് ഉടമസ്ഥന്മാർ അപ്പോഴപ്പോൾ സമർപ്പിക്കുന്ന അപേക്ഷകൾ വച്ചുകൊണ്ടു് റിക്കാർഡു പരിശോധിച്ചു് ബോദ്ധ്യപ്പെട്ടതിനുശേഷമാണു് പ്രായപൂർത്തിയാകാത്തവരെ പ്രായപൂർത്തിയായവരായി കണക്കാക്കുന്നതു്.

(ഡി) മേൽപറഞ്ഞ വിവരങ്ങളാൽ ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പി. നാണു: സെൻസസ്സു് എടുത്ത കാലത്തു് പ്രായപൂർത്തിയാകാത്തവർ ഇപ്പോൾ പ്രായപൂർത്തിയായിട്ടുണ്ടെങ്കിൽ അവക്കു് മുഴുവൻ റേഷൻ കൊടുക്കുമോ?

ശ്രീ. കെ. എം. കോര: വയസ്സനുസരിച്ചാണു് റേഷൻ കൊടുക്കുന്നതു്.

ശ്രീ. പി. നാണു: അന്നു് പ്രായപൂർത്തിയാകാത്തവർ ഇന്നു് പ്രായപൂർത്തിയായിട്ടുണ്ടെങ്കിൽ മുഴുവൻ റേഷൻ കിട്ടുന്നതിനു് അവർ എന്തുചെയ്യണം?

ശ്രീ. കെ. എം. കോര: അവരെ പ്രായപൂർത്തിയായവരായി കണക്കാക്കി റേഷൻ കൊടുക്കും.

ശ്രീ. പി. നാണു: അങ്ങനെ പ്രായപൂർത്തിയായിട്ടുണ്ടെങ്കിൽ അതേവരെയുള്ള പ്രായപൂർത്തിയായവരുടെ കൂട്ടത്തിൽ അവരേയും ഉൾപ്പെടുത്തിക്കൊണ്ടു് കാർഡു് കൊടുക്കണമെന്നു് ഡിപ്പാർട്ട്മെൻറിനു് നിർദ്ദേശം വല്ലതും കൊടുത്തിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: അങ്ങനെ ഒരു നിർദ്ദേശം കൊടുക്കേണ്ട കാര്യം ഇല്ലല്ലൊ.

ശ്രീ. പി. നാണു: അങ്ങനെ ഒരു നിർദ്ദേശം കൊടുക്കേണ്ട ആവശ്യം ഇല്ലന്നാണോ പറയുന്നതു്?

ശ്രീ. കെ. എം. കോര: അങ്ങനെയൊരു നിർദ്ദേശത്തിൻെറ ആവശ്യമില്ല.

ശ്രീ. പി. നാണു: പ്രായപൂർത്തിയാകാത്തവരെ എന്നും പ്രായപൂർത്തിയാകാത്തവരായിത്തന്നെ വച്ചുകൊള്ളണമെന്നുണ്ടോ?

ശ്രീ. കെ. എം. കോര: അവർ പ്രായപൂർത്തിയായിട്ടുണ്ടെങ്കിൽ പ്രായപൂർത്തിയായിട്ടുള്ളവരുടെ കൂട്ടത്തിൽ പെടുത്തും.

ശ്രീ. പി. നാണു: അതിനു നിർദ്ദേശം വല്ലതും കൊടുത്തിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: റൂൾ അതാണു്.

കുടിപാർപ്പു്

*൩൩൩ (൪൦) ശ്രീ. സി. സി. പ്രസാദ്: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട റവന്യൂവകുപ്പു മന്ത്രി സദയം മറുപടി പറയുമോ?

(എ) പാണ്ടനാട്ടു് പകുതിയിൽ പിറമററം കരയിൽ സർവ്വെ ൩൧/൧ ബി, നമ്പരിൽ പെട്ട സ്ഥലത്തു് കുടിപാർപ്പിനു് സ്ഥലമില്ലാതിരുന്ന പട്ടികജാതിക്കാർ പ്രവേശിച്ചു് കുടിപാർത്തുവരവെ അവരെ ഗവമ്മെൻറു് ഇറക്കിവിട്ടിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതിനു വല്ല പ്രത്യേക കാരണങ്ങളുണ്ടോ?

